# എന്റെ പ്രവാചകൻ

ഒ.വി വിജയൻ

**‘ഗുരുസാഗരം’** എന്ന എന്റെ നോവലിൽനിന്ന് ഒരു ഖണ്ഡിക ഉദ്ധരിക്കട്ടെ:

ആര്യാവർത്തത്തിലൂടെ പടകൾ പിന്നെയും നീങ്ങുന്നത് ആദിമ ഗുരുക്കന്മാർ അറിഞ്ഞു. എല്ലാം ആവർത്തിക്കുന്നുവല്ലോ, അവർ ഖേദിച്ചു. ആര്യാവർത്തത്തിന്റെ കഴിഞ്ഞ കാലങ്ങൾ: സിന്ധുവും ഗംഗയും അതിന്റെ പരപ്പുകളെ നനച്ചുകൊണ്ട് ഒഴുകിക്കടന്നു, നദീതടങ്ങൾ പച്ചപിടിച്ചും വരവൃക്ഷങ്ങൾ പക്വഫലങ്ങളെക്കൊണ്ടു നിറഞ്ഞും ഇരുന്നു. ബ്രാഹ്മണനും ക്ഷത്രിയനും ഈ വിളയെ പ്രകൃതി ദേവതകൾക്ക് നേദിച്ചു. എന്നാൽ, ഈ അർപ്പണത്തിൽനിന്ന് അവർ അധഃകൃതന്റെ സന്തതികളെ വിലക്കിനിർത്തി. അങ്ങനെ വിലക്കപ്പെട്ടവർ ആരാധന നിഷേധിക്കപ്പെട്ട് സ്പർശത്തിൽനിന്നും സാമീപ്യത്തിൽനിന്നും അകറ്റപ്പെട്ട്, വെളിമ്പുറങ്ങളിൽ അലഞ്ഞു; ഗുരുപരമ്പരകൾ അവർക്കായി ദുഃഖം പൂണ്ടു. ആ ദുഃഖത്തിന്റെ വിളികേട്ട്, ഒരായിരം കാതമകലെക്കിടന്ന മരുഭൂമിയിലെവിടെയോ വീണ്ടുമൊരു ഗുരു പിറവികൊണ്ടു. മരുഭൂമിയുടെ ചന്ദ്രക്കലയിലേക്ക് കണ്ണുയർത്തി ആ ഗുരു അഖണ്ഡത്തോടു സംസാരിച്ചു; അഖണ്ഡത്തിന്റെ വെളിപാടുകൾ അവന്റെ കാതിൽ സ്വകാര്യമായി, മൃദുലമായി മുഴങ്ങി. മരുപ്പച്ചയിലെ മിനാരങ്ങളിൽ കയറിനിന്നുകൊണ്ട് അവൻ മരുഭൂമിയിലൂടെ വിളിച്ചു. താരതമ്യമില്ലാത്തവനായ ദൈവത്തെ ആരാധിക്കാൻ ഈ മന്ദിരത്തിലേക്ക് വരിക! ഒട്ടകവും ആടും മേച്ചുനടന്ന പ്രാകൃതഗോത്രങ്ങൾ ഈ പ്രവാചകനെ ചെവിക്കൊണ്ടു വാളെടുത്തു മണലുകടന്ന് ദിക്കുകളിലേക്കു കവിഞ്ഞൊഴുകി.

പ്രവചനം നിരന്തരമാണെന്നും അതേറ്റുവാങ്ങാനുള്ള ഭിക്ഷാപാത്രങ്ങളാണ് പ്രവാചകന്മാരെന്നും ധരിച്ചാൽ സംഘടനാ രൂപത്തിലുള്ള മതസ്പർധകൾ ബാലിശങ്ങളായിത്തീരും. സംഘടിത മതങ്ങൾക്ക് ചരിത്രകാലഘട്ടവും ഗോത്രസവിശേഷതയും ഉണ്ട്. ഒരു ഗോത്രം ഒരു കാലഘട്ടത്തിൽ ഏറ്റുവാങ്ങുന്ന പ്രവചനത്തിന്റെ ധ്വനികളും സിംബലുകളും ആ കാലത്തിന്റെയും ഗോത്രസംസ്കൃതിയുടെയും ആണ്. എന്നാൽ പ്രവചനത്തിന്റെ ചൈതന്യം ഒരു സനാതന ധാരയുടെ ഭാഗമാണെന്നു കാണാം. മതസംഘടനകൾക്കു പറ്റുന്ന തെറ്റ് ഈ സനാതനധാരയെ കാണാതിരിക്കുകയും മറിച്ച് ചരിത്രനിഷ്ഠമായ സിംബലുകളെ ശാശ്വതീകരിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ മതങ്ങൾക്കും ഇത്തരത്തിൽ അസഹിഷ്ണുത സംഭവിച്ചിട്ടുണ്ട്.

ഒരു പ്രവാചകൻ ഞാൻ മാത്രം, എന്നിലൂടെ മാത്രം എന്നു പറയുന്നതും അക്ഷരാർഥത്തിൽ എടുത്തുകൂടാ. ദൈവാനുഭവത്തിന്റെ തീക്ഷ്ണതയിലാണ് അങ്ങനെ പറഞ്ഞുപോവുന്നത്. അല്ലെങ്കിൽ, ഗതാഗതവും ആശയവിനിമയവും പ്രയാസമായിരുന്ന പ്രാചീന ശതകങ്ങളിൽ ദൈവം ഏതെങ്കിലും ഒരു ഗോത്രത്തിൽമാത്രം തന്റെ വെളിപാടുകൾ നിക്ഷേപിച്ച് തൃപ്തിയടഞ്ഞു എന്നു കരുതേണ്ടിവരും. ഇത് ക്രൂരമായ ദൈവനിന്ദയായിരിക്കും.

കഴിഞ്ഞ രണ്ടായിരം കൊല്ലങ്ങൾക്കിടക്കു മാത്രമല്ല പ്രവചനം നടന്നിരിക്കുക. പ്രാചീനയുഗങ്ങളിൽ, പ്രാചീനമനുഷ്യന്റെ രൂപകങ്ങളിൽ, പ്രപഞ്ചമനസ്സ് സംസാരിച്ചിരുന്നിരിക്കണം. അങ്ങനെ മൃഗപ്രായങ്ങളായ സംസ്കൃതികളിൽപോലും പ്രവചനവും പ്രവാചകനും ഉണ്ടായിരുന്നിരിക്കണം. പ്രവചനം സാക്ഷരമല്ല, അക്ഷരാതീതവും ഭാവദീപ്തവുമാണ്.

ഈ തീവ്രഭാവമാണ് ഏത് മതത്തിന്റെയും കാതൽ. വിഭിന്നങ്ങളായ തിയോളജികൾ പുറംതോടുകൾ മാത്രം. വിഗ്രഹാരാധകന്റേയും വിഗ്രഹനിഷേധിയുടെയും കാര്യമെടുക്കുക. രണ്ടുപേരുടെയും ആരാധന വിഭിന്നമാണെന്നു സമ്മതിക്കാം. എന്നാൽ താന്താങ്ങളുടെ സങ്കൽപങ്ങളുടെ കടമ്പകൾ കടക്കുന്നതുവരേയുള്ളൂ ഈ വിഭിന്നത. കടന്നുകഴിഞ്ഞാലാകട്ടെ പിന്നെയുള്ളത് ശുദ്ധമായ ദൈവാനുഭവം മാത്രം. ആ അനുഭവം സരൂപമല്ല.

ഇതു മനസ്സിൽവെച്ചാൽ മതസ്പർധകൾ മഞ്ഞുപോലെ മാഞ്ഞുപോകും. ഈ ലാളിത്യത്തോടെയാണ് ഞാൻ പ്രവാചകനായ മുഹമ്മദിനെ സ്വീകരിച്ചിട്ടുള്ളത്. മുഹമ്മദ് എന്റെ ഗുരുപരമ്പരയിലെ തേജസ്വിയായ ഗുരുവാണ്, എന്റെ പ്രവാചകൻ. ●